**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2145** **21-06-2024 - ൽ മറുപടിയ്ക്ക്**

**ടിപി വധക്കേസ് പ്രതിയുടെ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ടി പി ചന്ദ്രശേഖരൻ വധ കേസിൽ ശിക്ഷിക്കപ്പെട്ട ജ്യോതി ബാബുവിനെ ചികിത്സാർത്ഥം ആശുപത്രിയിലേക്ക് മാറ്റുകയുണ്ടായോ; എങ്കിൽ എന്ന് മുതലാണ് ആശുപത്രിയിലേക്ക് മാറ്റിയത്; നിലവിൽ പ്രതിയെ എവിടെയാണ് പാർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | ജ്യോതിബാബുവിന്റെ ഹൈപ്പർടെൻഷൻ, ഡയബറ്റിസ്, വൃക്ക രോഗം എന്നിവ സംബന്ധിച്ച് മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് 03/04/2024 മുതൽ ചികിത്സാർത്ഥം കണ്ണൂർ ജില്ലാ ആശുപത്രിയിലേക്ക് മാറ്റുകയുണ്ടായി. നിലവിൽ പരിയാരം ഗവ. മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിഞ്ഞുവരികയാണ് |
| (ബി) | പ്രസ്തുത പ്രതിക്ക് നിലവിൽ ഏതൊക്കെ രോഗങ്ങൾ ഉള്ളതായാണ് സ്ഥിരീകരിച്ചിട്ടുള്ളതെന്നും എന്തൊക്കെ ചികിത്സകളാണ് നൽകിവരുന്നതെന്നും അറിയിക്കാമോ; | (ബി) | ജ്യോതിബാബുവിന്റെ ഹൈപ്പർടെൻഷൻ, ഡയബറ്റിസ്, വൃക്ക രോഗം എന്നിവ സംബന്ധിച്ച് മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് 03/04/2024 മുതൽ ചികിത്സാർത്ഥം കണ്ണൂർ ജില്ലാ ആശുപത്രിയിലേക്ക് മാറ്റുകയുണ്ടായി. നിലവിൽ പരിയാരം ഗവ. മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിഞ്ഞുവരികയാണ് |
| (സി) | നിലവിലെ ചട്ടങ്ങൾ പ്രകാരം ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട കുറ്റവാളികളെ ചികിത്സാർത്ഥം ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോഴും ആശുപത്രിയിൽ ആയിരിക്കുമ്പോഴും പാലിച്ചിരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടത്തിലെ അദ്ധ്യായം 42 പ്രകാരമാണ് ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട കുറ്റവാളികൾക്ക് ചികിത്സ നൽകുന്നത്. അതിലെ ചട്ടങ്ങൾ പ്രകാരം രോഗമുണ്ടെന്ന് പരാതിപ്പെടുകയോ അല്ലെങ്കിൽ രോഗമുള്ളതായി കാണപ്പെടുകയോ ചെയ്യുന്ന ഒരോ തടവുകാരനെയും ജയിൽ മെഡിക്കൽ ഓഫീസറുടെ പരിശോധനയ്ക്കായി ഉടനടി ആശുപത്രിയിൽ അയക്കേണ്ടതും തുടർ ചികിത്സ ആവശ്യമുള്ള പക്ഷം അത് നൽകേണ്ടതുമാണ്.<br><br>ജയിൽ മെഡിക്കൽ ഓഫീസർ വിശദ ചികിത്സയ്ക്ക് റഫർ ചെയ്യുന്ന തടവുകാരെ മതിയായ പോലിസ് എസ്കോർട്ടോടെ ആശുപത്രിയിലേക്ക് ചികിത്സയ്ക്കായി അയക്കുകയും, അഡ്മിറ്റാകുന്ന അവസരങ്ങളിൽ മുഴുവൻ സമയവും പോലിസ് ബന്തവസ്സിൽ തന്നെ ആശുപത്രിയിൽ കഴിയുകയും ചെയ്യുന്നു. പോലിസ് |

| | | | |
|---|---|---|---|
| | | | എസ്കോർട്ട് ലഭ്യമല്ലാത്ത അടിയന്തിര ഘട്ടങ്ങളിൽ ജയിൽ ജീവനക്കാരെ ഉപയോഗിച്ചും ഇത്തരം ഡ്യൂട്ടികൾ ചെയ്തു വരുന്നുണ്ട്. |
| (ഡി) | ഡയാലിസിസ് പോലെ തുടർച്ചയായി ലഭ്യമാക്കേണ്ട ചികിത്സകൾ ജയിലിനുള്ളിൽ തന്നെ പ്രതികൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ചികിത്സയുടെ പേരിൽ പ്രതികൾ ജയിൽ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുന്നത് തടയുന്നതിനായി ഇത്തരം ചികിത്സകൾ ജയിലിനുള്ളിൽ തന്നെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇല്ല. ഡയാലിസിസ് ആവശ്യമുള്ള തടവുകാരെ ആയതിന് സൗകര്യമുള്ള സർക്കാർ ആശുപത്രിയിലേക്ക് അയച്ച് ചികിത്സ ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ